**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2328** **16-03-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന പാർപ്പിട പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ദരിദ്ര/അതിദരിദ്ര കുടുംബങ്ങൾക്ക് പാർപ്പിടം ഉറപ്പു വരുത്താനായുള്ള സംസ്ഥാന പാർപ്പിട പദ്ധതി മുഖേന കഴിഞ്ഞ സർക്കാർ എത്ര പേർക്ക് പാർപ്പിടം ഉറപ്പാക്കിയെന്നും ഇതിനായി എത്ര തുക ചെലവിട്ടെന്നും വ്യക്തമാക്കുമോ; | (എ) | ദരിദ്ര/ അതിദരിദ്ര കുടുംബങ്ങൾക്ക് പാർപ്പിടം ഉറപ്പുവരുത്താനായുള്ള സംസ്ഥാന പാർപ്പിട പദ്ധതിയായ ലൈഫ് പദ്ധതി മുഖേന കഴിഞ്ഞ സർക്കാർ 2,64,953 കുടുംബങ്ങൾക്ക് പാർപ്പിടം ഉറപ്പാക്കിയിട്ടുണ്ട്. ഇതിനായി വിവിധ സ്രോതസ്സുകളിലൂടെ ഭവന നിർമ്മാണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ 8993.20 കോടി (എണ്ണായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി മൂന്ന് കോടി ഇരുപത് ലക്ഷം രൂപ മാത്രം) രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | നിലവിലെ സർക്കാരിന് മുമ്പിൽ ഇത്തരത്തിൽ പാർപ്പിടം ഇല്ലാത്ത എത്ര അപേക്ഷകൾ ലഭ്യമായെന്നും നാളിതുവരെ എത്ര പേർക്ക് പാർപ്പിടം ഉറപ്പാക്കിയെന്നും വിശദമാക്കുമോ; | (ബി) | ഈ സർക്കാർ ചുമതലയേറ്റ ശേഷം 17757 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി കഴിഞ്ഞിട്ടുണ്ട്. 2017-ൽ തയ്യാറാക്കിയ ലൈഫ് ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെടാതെപോയ അർഹരായ ഭൂമിയുള്ള ഭവന രഹിതർക്കും ഭൂരഹിത ഭവന രഹിതർക്കും പാർപ്പിടം ലഭ്യമാക്കുന്നതിനായി ലൈഫ് 2020 പ്രകാരം അപേക്ഷ ക്ഷണിച്ചതിൽ 9,20,260 അപേക്ഷകളാണ് നിലവിലെ സർക്കാരിന് മുമ്പിൽ പാർപ്പിടം ഇല്ലാത്ത അപേക്ഷകളായി ലഭ്യമായിട്ടുള്ളത്. ടി അപേക്ഷകളുടെ അർഹത സംബന്ധിച്ച ഫീൽഡ്തല പരിശോധനയും പുന:പരിശോധനയും പൂർത്തിയാക്കി ഒന്നും രണ്ടും ഘട്ട അപ്പീലുകൾക്കും, ഗ്രാമസഭ/ വാർഡ്സഭ അംഗീകാരത്തിനും, ഭരണസമിതി അംഗീകാരത്തിനും ശേഷം പട്ടിക അന്തിമമാക്കുന്നതും പദ്ധതി നിർവഹണം ആരംഭിക്കുന്നതുമാണ്. ഭൂരഹിത ഭവന രഹിതരായ എല്ലാ ദരിദ്ര/അതിദരിദ്ര കുടുംബങ്ങൾക്കും സ്വന്തമായി ഒരു പാർപ്പിടം ഉറപ്പുവരുത്തുക എന്നതാണ് സംസ്ഥാന പാർപ്പിട പദ്ധതിയായ ലൈഫ് പദ്ധതിയുടെ ലക്ഷ്യം. അതിവിദൂരമല്ലാത്ത ഒരു സമയം തന്നെ ആ ലക്ഷ്യം കൈവരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

| | | | |
|---|---|---|---|
| | | | നിലവിലുള്ള സർക്കാരിന്റെ കാലത്ത് 5 ലക്ഷം ഭവനരഹിതർക്ക് ഭവന നിർമ്മാണ സഹായം നൽകി പാർപ്പിടം എന്ന സ്വപ്നം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ഭൂരഹിത ഭവനരഹിതർക്കായി, ഭൂമി കണ്ടെത്തുന്നതിന് മനസ്സോടിത്തിരി മണ്ണ് എന്ന ക്യാമ്പയിനിലൂടെ സ്പോൺസർഷിപ്പിലൂടെയും സംഭാവനയായും ഭൂമി കണ്ടെത്താനുള്ള പ്രവർത്തനവും നടക്കുന്നുണ്ട്. 2025-26 സാമ്പത്തിക വർഷത്തോടെ ലക്ഷ്യം കൈവരിക്കാൻ കഴിയുന്നതാണ്. |
| (സി) | എല്ലാവർക്കും പാർപ്പിടം എന്ന പ്രഖ്യാപനം എന്ന് സംസ്ഥാനത്ത് പൂർത്തീകരിക്കാൻ കഴിയും എന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (സി) | ഈ സർക്കാർ ചുമതലയേറ്റ ശേഷം 17757 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി കഴിഞ്ഞിട്ടുണ്ട്. 2017-ൽ തയ്യാറാക്കിയ ലൈഫ് ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെടാതെപോയ അർഹരായ ഭൂമിയുള്ള ഭവന രഹിതർക്കും ഭൂരഹിത ഭവന രഹിതർക്കും പാർപ്പിടം ലഭ്യമാക്കുന്നതിനായി ലൈഫ് 2020 പ്രകാരം അപേക്ഷ ക്ഷണിച്ചതിൽ 9,20,260 അപേക്ഷകളാണ് നിലവിലെ സർക്കാരിന് മുമ്പിൽ പാർപ്പിടം ഇല്ലാത്ത അപേക്ഷകളായി ലഭ്യമായിട്ടുള്ളത്. ടി അപേക്ഷകളുടെ അർഹത സംബന്ധിച്ച ഫീൽഡ്തല പരിശോധനയും പുന:പരിശോധനയും പൂർത്തിയാക്കി ഒന്നും രണ്ടും ഘട്ട അപ്പീലുകൾക്കും, ഗ്രാമസഭ/ വാർഡ്സഭ അംഗീകാരത്തിനും, ഭരണസമിതി അംഗീകാരത്തിനും ശേഷം പട്ടിക അന്തിമമാക്കുന്നതും പദ്ധതി നിർവഹണം ആരംഭിക്കുന്നതുമാണ്. ഭൂരഹിത ഭവന രഹിതരായ എല്ലാ ദരിദ്ര/അതിദരിദ്ര കുടുംബങ്ങൾക്കും സ്വന്തമായി ഒരു പാർപ്പിടം ഉറപ്പുവരുത്തുക എന്നതാണ് സംസ്ഥാന പാർപ്പിട പദ്ധതിയായ ലൈഫ് പദ്ധതിയുടെ ലക്ഷ്യം. അതിവിദൂരമല്ലാത്ത ഒരു സമയം തന്നെ ആ ലക്ഷ്യം കൈവരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. നിലവിലുള്ള സർക്കാരിന്റെ കാലത്ത് 5 ലക്ഷം ഭവനരഹിതർക്ക് ഭവന നിർമ്മാണ സഹായം നൽകി പാർപ്പിടം എന്ന സ്വപ്നം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ഭൂരഹിത ഭവനരഹിതർക്കായി, ഭൂമി കണ്ടെത്തുന്നതിന് മനസ്സോടിത്തിരി മണ്ണ് എന്ന ക്യാമ്പയിനിലൂടെ സ്പോൺസർഷിപ്പിലൂടെയും സംഭാവനയായും ഭൂമി കണ്ടെത്താനുള്ള പ്രവർത്തനവും നടക്കുന്നുണ്ട്. 2025-26 സാമ്പത്തിക വർഷത്തോടെ ലക്ഷ്യം കൈവരിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ